ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിലെ കോമേഴ്സ് അദ്ധ്യാപകരുടെ ഒഴിവുകൾ

54 (1108) ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി എന്നീ സ്കൂളുകളിൽ കോമേഴ്സ് അദ്ധ്യാപകരുടെ (ജൂനിയർ & സീനിയർ) എത്ര ഒഴിവുകൾ ഇതുവരെ പബ്ലിക് സർവീസ് കമ്മീഷനു റിപ്പോർട്ട് ചെയ്തിട്ടുണ്ട് ;

(ബി) പ്രസ്തുത തസ്തികകളിലേക്കുള്ള റാങ്ക് ലിസ്റ്റ് പ്രസിദ്ധീകരിച്ചിട്ടുണ്ടോ ; എങ്കിൽ എന്നാണ് പ്രസിദ്ധീകരിച്ചത് എന്ന് വ്യക്തമാക്കാമോ ;

(സി) പ്രസ്തുത ഒഴിവുകളിലേയ്ക്ക് എത്ര പേർക്ക് നിയമന ശിപാർശ നടത്തുവാൻ പബ്ലിക് സർവീസ് കമ്മീഷനോട് അഭ്യർത്ഥിച്ചിട്ടുണ്ട് ; വിശദാംശങ്ങൾ എന്തെല്ലാം?

ഉത്തരം

(എ) ഹയർ സെക്കന്ററി വിദ്യാഭ്യാസ വകുപ്പിൽ ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ കൊമേഴ്സ് (സീനിയർ) തസ്തികയിലെ 32 ഒഴിവുകളും ഹയർ സെക്കണ്ടറി സ്കൂൾ ടീച്ചർ കോമേഴ്സ് (ജൂനിയർ) തസ്തികയിലെ 357 ഒഴിവുകളും പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ നോൺ വൊക്കേഷണൽ ടീച്ചർ കൊമേഴ്സ് (സീനിയർ) തസ്തികയിലെ 21 ഒഴിവുകൾ ഇതുവരെ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. വൊക്കേഷണൽ ഹയർ സെക്കണ്ടറി വകുപ്പിൽ കൊമേഴ്സ് വിഷയത്തിൽ ജൂനിയർ അദ്ധ്യാപക തസ്തിക നിലവിലില്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) റിപ്പോർട്ട് ചെയ്ത ഒഴിവുകളിലെല്ലാം നിയമന ശിപാർശ നൽകുന്നത് പി.എസ്.സി.-വഴിയാണ്.

പാഠ്യപദ്ധതിയിൽ സാമൂഹ്യ സേവനം ഉൾപ്പെടുത്തുന്നതിനു നടപടികൾ

55 (1109) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സാമൂഹ്യസേവനം ഏതെങ്കിലും തലത്തിൽ സംസ്ഥാനത്തെ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ ;

(ബി) വിദ്യാർത്ഥികളിൽ സാമൂഹ്യ സേവനാവബോധം ഉണ്ടാക്കുന്നതിനായി സ്കൂൾതലം മുതൽ പാഠ്യപദ്ധതിയിൽ സാമൂഹ്യസേവനം ഉൾപ്പെടുത്തുന്ന കാര്യം സർക്കാർ പരിഗണിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഒന്നാം ക്ലാസ് മുതൽ തന്നെ സാമൂഹ്യ സേവനവുമായി ബന്ധപ്പെട്ട ആശയങ്ങൾ പാഠപുസ്തകങ്ങളിൽ നൽകി വരുന്നുണ്ട്. സമൂഹവുമായി ബന്ധപ്പെടുത്തിയിട്ടുള്ള പഠനാനുഭവങ്ങൾ ക്ലാസ് മുറികളിൽ സജ്ജമാക്കുന്നതിന് പാഠപുസ്തകങ്ങളിൽ സാമൂഹ്യ സേവനവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഉള്ളടക്കവുമായി ഉദ്ഗ്രഥിച്ച് അവതരിപ്പിച്ചിട്ടുണ്ട്. 2, 4, 6, 8, 12 ക്ലാസുകളിലും ഇവ പാഠപുസ്തകത്തിൽ ഉള്ളടക്കവുമായി ഉദ്ഗ്രഥിച്ച് അവതരിപ്പിച്ചിട്ടുണ്ട്.

(ബി) കേരള സ്കൂൾ പാഠ്യപദ്ധതി അനുസരിച്ച് സാമൂഹ്യ സേവന തൽപരത വളർത്തുന്ന പാഠഭാഗങ്ങൾ പാഠപുസ്തകങ്ങളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എല്ലാ സർക്കാർ സ്കൂളുകൾക്കും സ്വന്തമായി കെട്ടിടം

56 (1110) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്വന്തമായി കെട്ടിടമില്ലാത്ത സർക്കാർ സ്കൂളുകൾ എത്രയുണ്ടെന്ന് അറിയിക്കുമോ ;

(ബി) എല്ലാ സർക്കാർ സ്കൂളുകൾക്കും സ്വന്തമായി കെട്ടിടം നിർമ്മിക്കുന്ന കാര്യം പരിഗണിക്കുമോ ;

(സി) എല്ലാ സർക്കാർ സ്കൂളുകളിലും കുടിവെള്ള സൗകര്യവും മൂത്രപ്പുര/കക്കൂസ് സൗകര്യവും ഇല്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ഡി) എങ്കിൽ ഈ പ്രശ്നം പരിഹരിക്കുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമായി പ്രത്യേക പദ്ധതി തയ്യാറാക്കുമോ ?

ഉത്തരം

(എ) 225 വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകൾക്കും 130 ഹൈസ്കൂൾ വരെയുള്ള സ്കൂളുകൾക്കും സ്വന്തമായി കെട്ടിടമില്ല.

(ബി) പരിശോധിക്കുന്നതാണ്.

(സി) ഉണ്ട്.

(ഡി) നടപടി സ്വീകരിച്ചു വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly